## **കേരള നിയമസഭ**
## **12.06.2014-ലെ മറുപടിക്ക്**

<u>പൊതുമരാമത്ത് മാന്വല്‍ പരിഷ്ക്കരണം</u>

1230 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
,, ജി. എസ്. ജയലാല്‍
,, കെ. രാജു
,, ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് മാന്വല്‍ പരിഷ്ക്കരണം പഠിച്ച് റിപ്പോര്‍ട്ട് സമര്‍പ്പിക്കുന്നതിന് നിയോഗിച്ച ചീഫ് എഞ്ചിനീയര്‍ അദ്ധ്യക്ഷനായുള്ള സമിതിയുടെ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ എന്നാണ് ലഭിച്ചത്; ഈ റിപ്പോര്‍ട്ടിലെ പ്രധാന ശുപാര്‍ശകള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ശുപാര്‍ശകള്‍ സര്‍ക്കാര്‍ അംഗീകരിച്ചിട്ടുണ്ടോ; എങ്കില്‍ മാന്വല്‍ പരിഷ്ക്കരണം എന്ന് നടപ്പാക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കരണം

1231 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കരണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മാന്വൽ പരിഷ്ക്കരണം സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഉള്ള സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മാന്വൽ പരിഷ്ക്കരണത്തിനായി കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്പീഡ് കേരള പദ്ധതി</u>

1232 ശ്രീ. കെ. മുരളീധരൻ
'' വി. പി. സജീന്ദ്രൻ
'' പി. സി. വിഷ്ണുനാഥ്
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയിൽ ഏതെല്ലാം തരം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം</u>

1233 ശ്രീ. വർക്കല കഹാർ
'' എ. റ്റി. ജോർജ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യൂ. ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന്റെ പ്രവർത്തന രീതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള കേബിളുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ

1234 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപിച്ചിട്ടുള്ള കേബിളുകൾ യാത്രക്കാർക്കും വാഹനങ്ങൾക്കും അപകടകാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുരക്ഷാമാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നും, അനധികൃതമായി കേബിളുകൾ സ്ഥാപിച്ചിട്ടില്ലെന്നും, അങ്ങനെയുള്ളവ നീക്കം ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡിനെ കമ്പനിയാക്കുമ്പോൾ പൊതുമരാമത്ത് റോഡുകളിലൂടെയുള്ള ഓവർഹെഡ്, അണ്ടർ ഗ്രൗണ്ട് വൈദ്യുതി ലൈനുകളും, കേബിളുകളും സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത് എന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

കേന്ദ്ര ഗവണ്‍മെന്റ് നേരിട്ട് ഫണ്ട് ലഭ്യമാക്കുന്ന റോഡ് നിര്‍മ്മാണ പദ്ധതികള്‍

1235 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രഗവണ്‍മെന്റ് നേരിട്ട് ഫണ്ട് ലഭ്യമാക്കുന്ന റോഡ് നിര്‍മ്മാണ പദ്ധതികള്‍ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിയുടെയും പ്രോജക്ട് പ്രൊപ്പോസലുകള്‍ സമര്‍പ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമം എപ്രകാരമാണ് ;

(സി) ഒരു സാമ്പത്തിക വര്‍ഷം സമര്‍പ്പിക്കാവുന്ന പ്രൊപ്പോസലുകള്‍ക്കും അടങ്കല്‍ തുകയ്ക്കും പരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) നിലവില്‍ ഓരോ പദ്ധതിയിലും ഏതെല്ലാം പ്രോജക്ട് പ്രൊപ്പോസലുകള്‍ സമര്‍പ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ഇ) കേന്ദ്രഗവണ്‍മെന്റിന്റെ ധനസഹായം ലഭിക്കുന്ന റോഡ് നിര്‍മ്മാണ പദ്ധതികള്‍ക്ക് പ്രോജക്ട് പ്രൊപ്പോസലുകള്‍ സമര്‍പ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച് നടപ്പാക്കാത്ത പദ്ധതികൾ</u>

1236

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പൊതുമരാമത്ത് വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയതെന്നും ഇതിനുള്ള കാരണങ്ങൾ എന്തെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) യഥാസമയം ഫണ്ട് ലഭിക്കാത്തതാണോ പദ്ധതി നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള റോഡ് നവീകരണവുമായി ബന്ധപ്പെട്ട ഫയലുകൾ മടക്കി അയച്ച സംഭവം</u>

1237 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിൽപെടുത്തി നിർദ്ദേശിച്ചിരുന്ന 12 റോഡ് വർക്കുകളിൽ ചീഫ് എൻജിനിയർ ഓഫീസിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ ലഭിച്ചതും 6707/പി.ഡബ്ല്യൂ.ഡി/2014/ജി നമ്പറായി ഫയൽ നമ്പരുള്ളതുമായ 9 റോഡുകളെ സംബന്ധിച്ച ഫയൽ ചീഫ് എൻജിനിയർ ഓഫീസിലേയ്ക്ക് മടക്കിയത് എപ്പോഴെല്ലാമായിരുന്നു;

(ബി) എന്തെല്ലാം കാരണങ്ങൾ പറഞ്ഞാണ് മടക്കിയത്; സാധാരണയായി ഈ ഇനത്തിൽ സമർപ്പിക്കപ്പെടുന്ന ഫയലുകളേക്കാൾ എന്തെല്ലാം പോരായ്മകളാണ് പ്രസ്തുത ഫയലിൽ ഉണ്ടായിരുന്നത് എന്നു വിശദമാക്കുമോ;

(സി) റോഡുകൾ സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ യോഗം ചേർന്ന് പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് താല്കാലികമായി പൊതുമരാമത്തിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനങ്ങളുടെ പകർപ്പ് പ്രസ്തുത ഫയലിൽ ഉൾപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത വിവരം ചീഫ് എൻജിനിയർക്ക് മടക്കി അയയ്ക്കുമ്പോൾ സൂചിപ്പിച്ചിരുന്നുവോ എന്നു വ്യക്തമാക്കുമോ

(ഡി) തിരഞ്ഞെടുപ്പു പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ ചട്ടം പിൻവലിച്ചശേഷം മടക്കി അയയ്ക്കുവാൻ ധനകാര്യ വകുപ്പിൽ നിന്നും തിരിച്ചയച്ച ഫയൽ എന്തു കാരണത്താലാണ് 21.4.2014 -ൽ ചീഫ് എൻജിനിയർക്ക് അയച്ചത് എന്നു പറയാമോ; ഫയലുകൾ ശരിയായി പഠിക്കാതെയും അവ്യക്തമായ കാരണങ്ങൾ പറഞ്ഞും ഇപ്രകാരം തിരിച്ചയയ്ക്കുകയും നടപടികൾ താമസിപ്പിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

(ഇ) ഇതേ രേഖകളും ഇതേ സാഹചര്യവുമുള്ള നിരവധി റോഡ് വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടും ചേർത്തല മണ്ഡലത്തിലെ ആസ്തി വികസനം പദ്ധതിയിൽപെടുത്തിയ റോഡുകൾക്ക് ഭരണാനുമതി വൈകിപ്പിക്കുന്നത് എന്തുകൊണ്ട് എന്നു പറയാമോ; ഇപ്രകാരം ഫയലുകളിൽ നടപടി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് അന്വേഷിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>ചേർത്തല മണ്ഡലത്തിലെ റോഡ് നവീകരണത്തിന്മേലുള്ള പരാതികൾ</u>

1238 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിൽ നിന്നും മണ്ഡലം ആസ്തി വികസന പദ്ധതിയിൽപെടുത്തി 2013-14 കാലയളവിൽ 12 റോഡുകൾ നവീകരിക്കുന്നതിന് എം.എൽ.എ നിർദ്ദേശം ഉൾക്കൊള്ളിച്ച 12.8.2013-ലെ കത്തും പൊതുമരാമത്ത് നിരത്ത് വിഭാഗം ഇതിന്മേൽ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് അടക്കമുള്ള രേഖകളും പൊതുമരാമത്ത് ചീഫ് എൻജിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നായിരുന്നു;

(ബി) പ്രസ്തുത ഫയൽ മടക്കാൻ കാരണമെന്തായിരുന്നു എന്നു പറയാമോ;

(സി) ഇതിലെ എസ്റ്റിമേറ്റുകൾ പുതുക്കി വീണ്ടും ചീഫ് എൻജിനിയറുടെ ഓഫീസിൽ ലഭിച്ചത് എന്നായിരുന്നു; പ്രസ്തുത ഫയലുകൾ കൃത്യമായി പരിശോധിച്ച് പോരായ്മകൾ ഒന്നും ഇല്ലെന്ന് ഉറപ്പു വരുത്തിയാണോ സെക്രട്ടേറിയറ്റിലേയ്ക്കു അയച്ചത് എന്നു പറയാമോ;

(ഡി) ഒരുമിച്ച് ലഭിച്ച എസ്റ്റിമേറ്റുകളിൽ 9 റോഡുകളുടെ ഫയലുകൾ മാത്രം ആദ്യം അയച്ചത് എന്തുകൊണ്ടായിരുന്നു എന്നു പറയാമോ; ശേഷിച്ച 3 ഫയലുകൾ എന്നാണ് അയച്ചത് എന്ന് പറയാമോ;

(ഇ) മൂന്നു ഫയലുകൾ കാണാതായതു സംബന്ധിച്ച് ചീഫ് എൻജിനിയർക്ക് പരാതി ലഭിച്ചിരുന്നുവോ; എന്നാണ് പ്രസ്തുത പരാതി ലഭിച്ചതെന്നു പറയാമോ; പ്രസ്തുത പരാതിയിന്മേൽ എന്തെങ്കിലും മറുപടി നൽകിയിരുന്നോ; മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വർക്കുകൾ പൊതുമരാമത്തിന് നൽകുന്നതു സംബന്ധിച്ച്

1239 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി റോഡ് വർക്കുകൾ ചെയ്യുമ്പോൾ പ്രസ്തുത റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ളവയാണെങ്കിൽ ജോലി പൊതുമരാമത്ത് വകുപ്പിനെ കൊണ്ട് ചെയ്യിക്കുവാൻ പഞ്ചായത്ത്/നഗരസഭ കമ്മറ്റികളുടെ തീരുമാനം എസ്റ്റിമേറ്റിനോടൊപ്പം സമർപ്പിക്കാറുണ്ടോ; എങ്കിൽ അപ്രകാരം എല്ലാ രേഖകളും സഹിതം ചീഫ് എൻജിനീയർ ഓഫീസിൽ നിന്നും സെക്രട്ടറിയേറ്റിലേയ്ക്ക് അയച്ച ഫയലുകളിൽ എത്ര എണ്ണം കമ്മറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് ഇല്ല എന്ന കാരണത്താൽ ചീഫ് എൻജിനീയർ ഓഫീസിൽ നിന്നും മടക്കിക്കിട്ടിയിട്ടുണ്ട്; അപ്രകാരം കിട്ടിയ ഫയലുകളുടെ നമ്പർ, ജോലിവിവരം, മണ്ഡലം എന്നിവ വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ രേഖകളുമായി സെക്രട്ടറിയേറ്റിലേയ്ക്ക് അയച്ച എത്ര ഫയലുകളിൽ 2013-14 കാലയളവിൽ ഭരണാനുമതി ലഭിച്ചു എന്നു വ്യക്തമാക്കുമോ; അവ ഏതെല്ലാം മണ്ഡലങ്ങളിലെ ജോലികളായിരുന്നു എന്നു പറയാമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

കാവിൽ - തീക്കുനി - കുറ്റ്യാടി റോഡ്

1240 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കാവിൽ - തീക്കുനി - കുറ്റ്യാടി - റോഡിന് 2013-14 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുകയ്ക്ക് ഭരണവകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണമെന്തെന്നും പ്രസ്തുത പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>വട്ടത്താണി പുത്തത്താണി റോഡിന്റെ നിർമ്മാണം</u>

1241

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ തിരൂർ നിയോജക മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന വട്ടത്താണി പുത്തത്താണി റോഡിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത്;

(സി) ബി.എം. & ബി.സി. പ്രവൃത്തി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

കൊല്ലങ്കോട് - പുതുനഗരം റോഡ് വികസനം

1242 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് - പുതുനഗരം റോഡ് ബി.എം & ബി.സി. ആയി ഉയർത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014–ലെ മറുപടിക്ക്

<u>പട്ടാമ്പിയിലെ റോഡുകൾ ബി.എം. & ബി.സി ചെയ്യുവാൻ നടപടി</u>

1243 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലെ പ്രധാനറോഡുകളായ കൊപ്പം – വളാഞ്ചേരി, വിളയൂർ – കൈപ്പുറം, പട്ടാമ്പി – ആമയൂർ, വല്ലപ്പുഴ – വണ്ടുംതറ – കട്ടുപ്പാറ എന്നീ റോഡുകൾ ബി.എം. & ബി.സി. ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ മാവേലിക്കരിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ

1244 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് നിരത്ത്/കെട്ടിട വിഭാഗത്തിൽ നിന്നും 2013-14 വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ മാവേലിക്കരയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(സി) ഭരണാനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എലത്തൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

1245 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ മണ്ഡലത്തിൽ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേരും പ്രവർത്തന പുരോഗതിയും വെളിപ്പെടുത്താമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്ലാവിള-കോട്ടുക്കോണം റോഡിന്റെ നിർമ്മാണം</u>

1246 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച്, സംസ്ഥാന പൊതുമരാമത്തു നടപ്പിലാക്കുന്ന പ്ലാവിള- കോട്ടുക്കോണം റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാറുകാരൻ കരാർ ഒപ്പിട്ടത് എന്നാണെന്നും പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകരാന് നൽകിയിരുന്ന കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഒരു കിലോമീറ്ററോളം മാത്രമുള്ള പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാത്ത കരാറുകാരനെതിരെയും പ്രസ്തുത പ്രവൃത്തി കരാറുകാരനെ കൊണ്ടു പൂർത്തിയാക്കിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

പള്ളിപ്പുറം - കുണ്ടോളിക്കടവ് റോഡ്

1247 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ പള്ളിപ്പുറം - കുണ്ടോളിക്കടവ് റോഡ് മണ്ണിട്ടുയർത്തി ടാർ ചെയ്യുന്നതു സംബന്ധിച്ച എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) ഏറ്റവുമധികം വെള്ളക്കെട്ടു ഭീഷണി നേരിടുന്ന പുള്ള് - മനക്കൊടി റോഡിനെ മണ്ണിട്ടുയർത്തി ടാർ ചെയ്ത് യാത്രാ യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ മതിയായ ഫണ്ട് അനുവദിച്ചു നിർമ്മാണ പ്രവൃത്തി നടത്തുവാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പുതുതായി റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി</u>

1248 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്നതിന് തീരുമാനമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട 8 മീറ്റർ വീതിയുള്ള അസുരമംഗലം-കൊമ്പേറ്റിമല-തടിക്കാട്റോഡ്, കഴുതുരുട്ടി-പ്രിയ എസ്റ്റേറ്റ്-അച്ചൻകോവിൽ റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>കണ്ണൂർജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ</u>

1249 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കണ്ണൂർ ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം മണ്ഡലങ്ങളിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണം - സ്ഥലം ഉടമകൾക്ക് പണം നൽകുന്നതിന് നടപടി</u>

1250 ശ്രീ. റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാത്തിന് സ്ഥലമുടമകളിൽ നിന്നും അഡ്വാൻസ് പൊസഷൻ കിട്ടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ബി.എം. & ബി.സി. ചെയ്ത് റോഡ് നിർമ്മാണം നടത്തിയ പ്രദേശങ്ങളിൽ പോലും സ്ഥലമുടമകൾക്ക് പണം നല്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ച് അഞ്ച് വർഷമായ പ്രസ്തുത പ്രവൃത്തിക്കായി കള്ടറുടെ പക്കൽ ഫണ്ട് ലഭ്യമായിട്ടും സ്ഥലമുടമകൾക്ക് പണം നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റോഡിന്റെ ഭരണാനുമതി രണ്ട് പ്രാവശ്യം കാലാവധി നീട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ കാരണങ്ങളാലാണ് ഇതിന്റെ പണി പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ റോഡുമായി ബന്ധപ്പെട്ട ആളുകൾക്ക് പണം കൊടുക്കുന്നതിന് നടപടികൾ ഉടൻ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് - പാണത്തൂര്‍ റോഡുനവീകരണം</u>

1251 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാഞ്ഞങ്ങാട് - പാണത്തൂര്‍ സംസ്ഥാന പാതയില്‍ എത്ര കിലോമീറ്റര്‍ റോഡുകളാണ് ഇനിയും മെക്കാഡം ടാറിംഗ് ചെയ്യാന്‍ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭാഗം റോഡുകള്‍ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

**ചാലക്കുടി റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്/ഡ്രെയിനേജ് നിർമ്മാണം**

1252 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഒരു വർഷത്തിലേറെ പിന്നിട്ടിട്ടും പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കേണ്ട അപ്രോച്ച് റോഡിന്റേയും ഡ്രെയിനേജിന്റേയും നിർമ്മാണം ഇനിയും ആരംഭിക്കാത്തതുമൂലം വിദ്യാർത്ഥികളടക്കമുള്ള യാത്രക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും അപകട സാദ്ധ്യതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി റെയിൽവേ അണ്ടർ ബ്രിഡ്ജ് അപ്രോച്ച് റോഡന്റെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനും, നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>റോഡുകൾ വീതി കൂട്ടുന്നതിന് നടപടി</u>

1253 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജ് - കാരത്തൂർ റോഡ്, കാരപ്പറമ്പ്-ബാലുശ്ശേരി റോഡ് എന്നിവ സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് ഫയൽ നമ്പറുകളും തീയതികളും സഹിതം വിശദമാക്കാമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റുന്ന വൃക്ഷങ്ങൾ</u>

1254 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ഇടുക്കി ജില്ലകളിലെ കെ.എസ്.റ്റി.പി. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനിടയിൽ എത്ര വൃക്ഷങ്ങൾ മുറിച്ചു നീക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുറിച്ചു മാറ്റിയ വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വൃക്ഷത്തൈകളുടെ സംരക്ഷണത്തിന് ആരാണ് മേൽനോട്ടം വഹിക്കുന്നത്;

(സി) റോഡ് നിർമ്മാണത്തിനായി മുറിച്ചുമാറ്റുന്ന വൃക്ഷങ്ങൾക്കു പകരം കരാറുകാരെക്കൊണ്ട് പുതിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നകാര്യം വകുപ്പ് ഉറപ്പുവരുത്താറുണ്ടോ;

(ഡി) മുറിച്ചുമാറ്റുന്ന വൃക്ഷങ്ങൾക്കു പകരമുള്ള വൃക്ഷത്തൈകൾ ഏതു സ്ഥലങ്ങളിലാണ് നട്ടുപിടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ കെ.എസ്.ടി.പി. പദ്ധതിയില്‍ ഉള്‍പ്പെട്ട റോഡ് നിര്‍മ്മാണം</u>

1255 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-2012-ല്‍ കണ്ണൂര്‍ ജില്ലയില്‍ ഏതെല്ലാം റോഡ് നിര്‍മ്മാണ പ്രവൃത്തികള്‍ക്കാണ് കെ.എസ്.ടി.പി. പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഭരണാനുമതി നല്‍കിയത് ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ;

(ബി) 2012 -2013-ല്‍ കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം റോഡ് നിര്‍മ്മാണ പ്രവൃത്തികള്‍ക്കാണ് കെ.എസ്.ടി.പി. പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഭരണാനുമതി നല്‍കിയത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ;

(സി) 2013-2014-ല്‍ കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം റോഡ് നിര്‍മ്മാണ പ്രവൃത്തികള്‍ക്കാണ് കെ.എസ്.ടി.പി. പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഭരണാനുമതി നല്‍കിയത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ;

(ഡി) 2014-2015-ല്‍ കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം റോഡ് നിര്‍മ്മാണ പ്രവൃത്തികളാണ് കെ.എസ്.ടി.പി. പദ്ധതിയില്‍ ഏറ്റെടുക്കുവാന്‍ ഉദ്ദേശിക്കുന്നത്; മുന്‍ഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഓരോ പ്രവര്‍ത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണ് ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡ്</u>

1256 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ പാപ്പിനിശ്ശേരി-പിലാത്തറ റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രസ്തുത റോഡിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കോവിലകം താഴെ പാലം അപ്രോച്ച് റോഡ്</u>

1257 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപ്രോച്ച് റോഡ് ഇല്ലാത്തതിനാൽ പൂർത്തീകരിക്കപ്പെട്ട കോവിലകം താഴെ പാലം ഗതാഗതയോഗ്യമാക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കാൻ ഏതെല്ലാം വ്യക്തികളുടെ എത്രമാത്രം ഭൂമി ആവശ്യമാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) പാലവും അപ്രോച്ച് റോഡും ഉൾപ്പെട്ട ഭൂമിയുടെ റവന്യൂ സ്കെച്ച് പൊതുമരാമത്ത് വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഇതിനായി സ്വകാര്യ ഭൂമിയും സർക്കാർ ഭൂമിയും അതിർത്തി രേഖപ്പെടുത്തി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ റോഡ് നിർമ്മാണം</u>

1258 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് 2011-2012-ൽ കണ്ണൂർ ജില്ലയിൽ എത്ര റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി ; ഓരോ പ്രവർത്തികൾക്കും അനുവദിച്ച തുക എത്ര ;

(ബി) സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് 2012-2013ൽ കണ്ണൂർ ജില്ലയിൽ എത്ര റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നല്കി ; ഏതെല്ലാം ; ഓരോ പ്രവർത്തിക്കും അനുവദിച്ച തുക എത്ര ;

(സി) സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് 2013-2014ൽ കണ്ണൂർ ജില്ലയിൽ എത്ര റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നല്കി ; ഏതെല്ലാം ; ഓരോ പ്രവർത്തിക്കും അനുവദിച്ച തുക എത്ര ;

(ഡി) 2014- 2015 സാമ്പത്തിക വർഷത്തിൽ സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഭരണാനുമതിയ്ക്കായി സമർപ്പിക്കുവാനുള്ള റോഡ് നിർമ്മാണ പ്രവർത്തികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) ഏതെല്ലാം പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; എസ്റ്റിമേറ്റ് തുക എത്ര ;

(എഫ്) ഭരണാനുമതി എപ്പോൾ ലഭ്യമാകും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ -ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തി

1259 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 14.07.2009ലെ ജി.ഒ.(ആർ.ടി) നം. 1045/2009/പി.ഡബ്ല്യൂ.ഡി. ഉത്തരവു പ്രകാരം സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 240 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ - ഇടമ്പ - കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തി കരാർ പ്രകാരം പൂർത്തീകരിക്കേണ്ടത് എന്നാണ് ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവർത്തിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(സി) കരാർ ലംഘനം നടത്തിയിട്ടുള്ള കരാറുകാരനെതിരെ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കുവാൻ കോടതി നടപടികൾ തടസ്സമാണെങ്കിൽ തൃക്കടാരിപ്പൊയിൽ - ഇടുവ - കണ്ണവം റോഡ് യാത്രായോഗ്യമാക്കുന്നതിന് താൽക്കാലിക പരിഹാരം കാണുവാൻ അടിയന്തര നടപടി സ്വീകരിക്കുകയും അതിന് വർക്ക് ഷെഡ്യൂകൾ തയ്യാറാക്കി നൽകയും യാത്രാ ക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുയും ചെയ്യുമോ ; നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നീലേശ്വരം-ഇടത്തോട് റോഡിന്റെ നിർമ്മാണം</u>

1260 ശ്രീ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം-ഇടത്തോട് പി. ഡബ്ള്യൂ.ഡി റോഡിന്റെ 1-ാം റീച്ച് നിർമ്മാണത്തിന് പി.ഡബ്ള്യൂ.ഡി ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത റീച്ചിന്റെ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ മണ്ഡലത്തിലെ തകർന്ന റോഡുകളുടെ പുനർ നിർമ്മാണം</u>

1261 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ തകർന്ന പാലക്കുന്ന ചെമ്പ്രകാനം-കയ്യൂർ റോഡിന്റെ അവസാന റീച്ചിലും, തൃക്കരിപ്പൂർ-തങ്കയം-തട്ടാർകടവ്-അന്നൂർ റോഡിലെ ആദ്യ റീച്ചിലെയും പുനർനിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം</u>

1262 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ഷാഫി പറമ്പിൽ
'' എ. പി. അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ടാറിനോടൊപ്പം ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്രകാരം നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് റോഡ് നിർമ്മാണം</u>

1263 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച റോഡുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇനി ഏതെല്ലാം റോഡുകളാണ് പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനാവശ്യമായ പ്ലാസ്റ്റിക് ശേഖരിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഏഴുകോൺ പൊതുമരാമത്ത് റോഡ്സ് സെക്ഷൻ ആഫീസ് കെട്ടിടവാടക കുടിശ്ശിക</u>

1264 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എഴുകോൺ പൊതുമരാമത്ത് റോഡ്സ് സെക്ഷൻ ആഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക ആകാനിടയായ സാഹചര്യം എന്താണ്;

(ബി) എത്ര കാലയളവിലെ വാടക കുടിശ്ശികയുണ്ട്; എന്തു തുകയാണ് കുടിശ്ശികയുള്ളത്;

(സി) വാടക കുടിശ്ശിക അടയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>ബൈപാസ് റോഡുകളുടെ നിർമ്മാണത്തിന് നടപടി</u>

1265 ശ്രീ. കെ. അച്ചുതൻ
'' എം.എ. വാഹീദ്
'' റ്റി.എൻ. പ്രതാപൻ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബൈപാസ് റോഡുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം

(സി) പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>കേന്ദ്ര സഹായത്തോടെ ബൈപാസ് റോഡുകൾ</u>

1266 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ ബൈപാസ് റോഡുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ആക്കുളം പാലത്തിന്റെ ടോൾ പിരിവ്</u>

1267 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം - കോവളം ബൈപാസ് റോഡിൽ ആക്കുളം പാലത്തിന് ടോൾ ഏർപ്പെടുത്തിയത് ഏത് തീയതി മുതൽ ആയിരുന്നു എന്നറിയിക്കാമോ; ഇതുവരെ ടൊൾ ഇനത്തിൽ എത്ര രൂപ പിരിച്ചെടുത്തു;

(ബി) പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ടോൾ എത്രകാലം കൂടി തുടരാനാണ് ഉദ്ദേശിക്കുന്നതെന്നും ടോൾ പിരിവ് ഇപ്പോൾ ഏത് ഏജൻസിയാണ് നടത്തുന്നതെന്നും ഇവർക്കെതിരെ പരാതികൾ വല്ലതും ഉയർന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ആലപ്പുഴ എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വശങ്ങളിലുള്ള മരം മുറിക്കാൻ അനുമതി

T1268 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എൻ.എച്ച് ബൈപ്പാസ് റോഡിന്റെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് നിലവിലുള്ള റോഡിന്റെ ഇരുവശങ്ങളിലുമുള്ള മരങ്ങൾ മുറിക്കുന്നതിന് പ്രത്യേക ടെണ്ടർ നൽകിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) എത്ര മരങ്ങൾ മുറിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്; ഏതെല്ലാം ഭാഗത്തുനിന്ന മരങ്ങളാണ് മുറിച്ചുമാറ്റാൻ അനുവദിച്ചത്; ആരാണ് അനുമതി നൽകിയത്; ആർക്കാണ് അനുമതി നൽകിയത് ;

(സി) റോഡിൽ നിന്നും വളരെ അകന്നുനിന്ന തണൽ മരങ്ങൾ അടക്കം മുറിച്ചുമാറ്റുവാനുണ്ടായ സാഹചര്യം എന്താണ്; മുറിച്ചുമാറ്റിയ ഓരോ മരത്തിന്റെയും ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ, മേപ്പാടി ബൈപ്പാസിന്റെ നിര്‍മ്മാണം</u>

1269 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി ബൈപ്പാസിന്റെ നിര്‍മ്മാണം ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ബൈപാസ്സിന്റെ നിർമ്മാണം</u>

1270 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ബൈപാസിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ബൈപാസ്സിന്റെ ടെൻഡർ നടപടി സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>നെന്മാറ, കൊടുവായൂർ ബൈപ്പാസ് നിർമ്മാണം</u>

1271 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊടുവായൂർ ബൈപാസിന്റെ ആവശ്യകതയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; പ്രസ്തുത ബൈപാസ് റോഡിന്റെ നിർമ്മാണത്തിന് ആകെ എത്ര തുക ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ;

(ബി) ബൈപാസ് റോഡ് തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസങ്ങൾ ഉണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>തിരുവല്ല ബൈപാസ് റോഡിന്റെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ</u>

1272 ശ്രീ. മാത്യു. റ്റി.തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ബൈപാസ് റോഡിന്റെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ബി) ഹരിത ട്രൈബ്യൂണലിൽ നിന്നും പ്രസ്തുത വിഷയം സംബന്ധിച്ച് സ്റ്റേ നിലവിലുണ്ടോ;

(സി) സ്ഥലമെടുപ്പ് നടപടികൾ തടസ്സപ്പെടുത്തുന്നതിന് ബഹു; ഹൈക്കോടതിയിൽ റിട്ട് നൽകിയ വ്യക്തികൾ തന്നെയാണോ ഹരിതട്രൈബ്യൂണലിനെ സമീപിച്ചത്;

(ഡി) ആരാണ് ട്രൈബ്യുണലിലെ ഹർജിക്കാരൻ;

(ഇ) സ്റ്റാറ്റസ് കോ ഉത്തരവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ഘട്ടത്തിൽ കെ.എസ്.ടി.പി യും സർക്കാരും എതിർ സത്യവാങ്മൂലങ്ങൾ സമർപ്പിച്ചിട്ടില്ല എന്ന വിമർശനം ശരിയാണോ; ട്രൈബ്യൂണലിലെ കേസ്സിൽ എന്തെങ്കിലും ഉത്തരവ് താൽക്കാലികമായി പുറപ്പെടുവിച്ചിട്ടുണ്ടോ;

(എഫ്) തമിഴ്നാട് സർക്കാരിന്റെ ജി.പി മാത്രമാണ് ആ ഘട്ടത്തിൽ ട്രൈബ്യുണലിൽ ഹാജരായത് എന്നത് ശരിയാണോ;

(ജി) സ്ഥലമെടുപ്പിനുള്ള വില കോടതിയിൽ കെട്ടി വയ്ക്കുന്നതിൽ വീഴ്ച ഉണ്ടായോ; കെട്ടി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(എച്ച്) പണം കെട്ടിവയ്ക്കാത്തതു മൂലം സ്ഥലമെടുപ്പ് വിജ്ഞാപനം റദ്ദ് ചെയ്യണം എന്ന് ബഹു. ഹൈക്കോടതിയിൽ ആവശ്യം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) പണികൾ ഊർജ്ജിതമായി നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണം</u>

1273 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് ടെണ്ടർ തുകയുടെ 24% കുറച്ചാണ് എടുത്തിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി കോൺട്രാക്ടർ ഉപേക്ഷിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാരിന് ഇതുമൂലം വന്നിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒരു സർവ്വെ നമ്പരിൽ വന്ന പിശക് കറക്ട് ചെയ്യുന്നതിലുള്ള ഉദാസീനതയാണ് ഇതിന് കാരണമായത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായവർക്ക് എതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) തങ്കളം, കോഴിപ്പിള്ളി ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

വേങ്ങൂര്‍ -നായത്തോട്-എയര്‍പോര്‍ട്ട് റോഡ്

1274 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വേങ്ങൂര്‍-നായത്തോട്- എയര്‍പോര്‍ട്ട് റോഡിന്റെ വീതികൂട്ടി നിര്‍മ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികള്‍ക്കായുള്ള വിജ്ഞാപനം ആഗസ്റ്റ് മാസത്തോടെ 'ഡിനോവ' ആകുമെന്നുളളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പ്രാധാന്യവും വിജ്ഞാപനം ഡിനോവയാകാനുള്ള സാധ്യതയും കണക്കിലെടുത്ത് 10.75 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും സംസ്ഥാനതല ഉന്നതാധികാര സമിതി 15 കോടി രൂപയ്ക്ക് അംഗീകാരം നല്‍കിയിട്ടുള്ളതും പരിഗണിച്ച് വേങ്ങൂര്‍- നായത്തോട്-എയര്‍പോര്‍ട്ട് റോഡിന്റെ വികസനത്തിന് തുക അനുവദിക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) കൊച്ചിന്‍ ഇന്റര്‍നാഷണല്‍ എയര്‍പോര്‍ട്ടിലേക്കുള്ള പ്രസ്തുത റോഡിന്റെ വികസനം സര്‍ക്കാരിന്റെ മിഷന്‍ 676 പദ്ധതിയില്‍ ഉള്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ദേശീയപാത വികസനത്തിന് കേന്ദ്ര സഹായം</u>

1275 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, സണ്ണി ജോസഫ്
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയപാത വികസനത്തിന് കേന്ദ്ര സര്‍ക്കാര്‍ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നല്‍കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവയുടെ പണികള്‍ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കൽ</u>

1276 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ.സി. ബാലകൃഷ്ണൻ
,, പി.എ. മാധവൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതത് പ്രദേശത്തുള്ള ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഉപരിതല ഗതാഗത വികസനത്തിന് കർമ്മ പദ്ധതികൾ</u>

1277 ശ്രീ. വർക്കല കഹാർ
'' റ്റി. എൻ. പ്രതാപൻ
'' പാലോട് രവി
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>'ദേശീയപാതയുടെ വികസനം'</u>

1278 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
,, പി. സി. ജോര്‍ജ്ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയപാതയുടെ വികസനം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്താന്‍ ഉദ്ദേശിക്കുന്നുവോ; എങ്കില്‍ ഇപ്രകാരം തീരുമാനം എടുക്കുന്നതിന് പ്രേരകമായ ഘടകങ്ങള്‍ എന്തെല്ലാമാണ്;

(ബി) ദേശീയപാതയുടെ വികസനത്തിന് റോഡിന്റെ വീതി എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച് സമവായമുണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റോഡു വികസനത്തിന് ഭൂമി വിട്ടുനല്‍കുന്നവര്‍ക്ക് നല്‍കുന്ന നഷ്ടപരിഹാരത്തിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) അനുദിനം നിരത്തിലിറക്കുന്ന വാഹനങ്ങളുടെ വര്‍ദ്ധനവും ഭാവി റോഡു വികസനവും കണക്കിലെടുത്ത്, ഭൂമി വിട്ടുനല്‍കുന്നവര്‍ക്ക് ആകര്‍ഷകമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തി ഭൂമി ഏറ്റെടുക്കാന്‍ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ ബൈപാസ് റോഡ് നിർമ്മാണം

T1279 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിൽ നിന്നും ദേശീയ പാത അതോറിറ്റി പിന്മാറിയ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരുന്ന ആറ്റിങ്ങൽ ബൈപാസ് റോഡ് പദ്ധതിയുടെ നിർമ്മാണം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; വിശദവിവരം
ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ദേശീയപാതാ വികസനം</u>

1280 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനം ഏതു ഘട്ടത്തിലാണ്;

(ബി) ദേശീയപാതാ വികസനപദ്ധതിയിൽ നിന്നും ദേശീയ പാതാ വികസന അതോറിറ്റി പിൻമാറാനുണ്ടായ സാഹചര്യം എന്താണ്;

(സി) ദേശീയപാതാ വികസനത്തിന് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കൊല്ലം - തേനി പാതയുടെ വികസനം</u>

1281 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം - തേനി പാതയുടെ അലൈൻമെന്റിന് അംഗീകാരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാത വികസനത്തിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കാമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയെന്നും ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നുമറിയിക്കുമോ;

(ഡി) കൊല്ലം-അഞ്ചാലുംമൂട്-കുണ്ടറ വഴിയുള്ള റോഡ് നാഷണൽ ഹൈവേ (കൊല്ലം-തേനി) ഏറ്റെടുത്തതിനു ശേഷം പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കായംകുളം കൊല്ലം എൻ.എച്ച്.47 നാലുവരിപ്പാതയാക്കൽ</u>

1282 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കൊല്ലം എൻ.എച്ച്.47 നാലുവരിപ്പാതയാക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പാതവികസനത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്താണ്?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എൻ.എച്ച്. 208-ലെ മുറിയൻ പാഞ്ചാൽ പാലം പുനർ നിർമ്മാണം</u>

1283 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 208-ൽ മുറിയൻ പാഞ്ചാൽ പാലം പുതുക്കി പണിയുന്നതിലേയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഭരണാനുമതി ലഭിച്ചത്;

(ബി) എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) അടിയന്തരമായി സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത പ്രവർത്തിക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ബൈപാസ് റോഡ് പദ്ധതി</u>

1284 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ അതോറിറ്റി നാഷണൽ ഹൈവേ വികസന പദ്ധതിയിൽനിന്നും പിൻമാറിയ സാഹചര്യത്തിൽ നാഷണൽ ഹൈവേ വികസനത്തിൽ ഉൾപ്പെടുത്തിയിരുന്ന ആറ്റിങ്ങൽ ബൈപാസ് റോഡ് പദ്ധതി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതകുരുക്കിനും വാഹനാപകടത്തിനും അറുതിവരുത്തുവാൻ ബൈപാസ് റോഡ് പദ്ധതി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ - പള്ളിപ്പുറം സംസ്ഥാന പാതയുടെ പുന:രുദ്ധാരണ പ്രവൃത്തി</u>

1285 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ- പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനരുദ്ധാരണ പ്രവൃത്തി ഇനിയും ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ;

(ബി) പൂർണ്ണമായും ബി.എം.ബിസി നിലവാരത്തിൽ റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കണമെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളാണെങ്കിൽ വിശദീകരിക്കാമോ;

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>നാദാപുരം - മുട്ടുങ്ങല്‍ റോഡ് സ്റ്റേറ്റ് ഹൈവേ ആക്കാന്‍ നടപടി</u>

1286 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

നാദാപുരം - മുട്ടുങ്ങല്‍ റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതുമായി ബന്ധപ്പെട്ട ഫയല്‍ നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

## മൂലമ്പള്ളി - പിഴല, ചാത്തനാട്കടമക്കുടി പാലങ്ങളുടെ നിർമ്മാണം

T1287 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിഡയുടെ പ്രവൃത്തികളായ മൂലമ്പള്ളി - പിഴല, ചാത്തനാട് കടമക്കുടി എന്നീ പാലങ്ങൾക്ക് മുഖ്യമന്ത്രി തറക്കല്ലിട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) തുടർന്ന് ഇക്കാര്യത്തിൽ എന്ത് നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>പാലങ്ങൾ നിർമ്മിക്കുന്നതിന് പുതിയ നിയമം</u>

1288 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പാലങ്ങൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും കേന്ദ്രനിയമം പാലിക്കണമെന്ന് പുതുതായി വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമം/ ആക്ട്/ചട്ടം എന്താണെന്നും ആയത് എന്നു മുതലാണ് നിലവിൽ വന്നതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>നേമം മണ്ഡലത്തിലെ മധുപാലം നിർമ്മാണം</u>

1289 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിൽ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ട് വിനിയോഗിച്ചു നിർമ്മിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്ന മധുപാലനിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതിയും പാലത്തിന്റെ നിർമ്മാണപുരോഗതി സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പെരുമൺ പാലം നിർമ്മാണം</u>

1290

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പെരുമൺ പാലം നിർമ്മാണത്തിനുള്ള കാലതാമസം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) കാലതാമസം പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

കാവനാൽ കടവ്, ഓട്ടാഫീസ് കടവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

1291 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ കാവനാൽ കടവ്, ഓട്ടാഫീസ് കടവ് പാലങ്ങളുടെ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ബഹു. മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത തീരുമാനങ്ങൾ പ്രകാരം പണികൾ നടക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) പണികൾ പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(എ) പ്രസ്തുത പാലങ്ങൾ ജനങ്ങൾക്ക് എന്ന് തുറന്നു കൊടുക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>വയറപ്പുഴ പാലം നിർമ്മാണം</u>

1292 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്തളം പഞ്ചായത്തിലെ വയറപ്പുഴ പാലം നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങളിൽ നിലവിലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത കാലവിളംബം അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

പള്ളിപ്പുറം കോൺവെന്റ് പാലത്തിന്റെ നിർമ്മാണം

1293 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് പാലത്തിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നോ; എങ്കിൽ വിശദീകരിക്കാമോ

(ബി) പാലം നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദീകരിക്കാമോ;

(സി) പാലം നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പനച്ചമൂട്ടിൽകടവ് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ</u>

1294 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുനൂർ പഞ്ചായത്തിലെ പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നു വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ കിഴക്കേകരയിലെ ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് പ്രസ്തുത സ്ഥലത്ത് ഉടനടി മണ്ണിട്ട് ഉയർത്തുവാൻ നിർദ്ദേശിക്കുമോ;

(സി) പാലം എന്ന് തുറന്നുകൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

റോഡ് യൂസർ പെർസപ്ഷൻ സർവ്വെ

1295 ശ്രീ. വി.ഡി. സതീശൻ
'' ഹൈബി ഈഡൻ
'' വി.റ്റി. ബൽറാം
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് യൂസർ പെർസപ്ഷൻ സർവ്വെ നടത്താൻ കെ.എസ്.ടി.പി. ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പന്നിക്കുഴിപാലം പുനർനിർമ്മിക്കുവാൻ നടപടി</u>

1296 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്നിക്കുഴി പാലത്തിലെ ഗതാഗതക്കുരുക്ക് എം.സി റോഡിലെ യാത്രക്കാർക്ക് തുടർച്ചയായി അസൗകര്യം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം ഉൾപ്പെടെയുള്ള പണികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പാലംപണി എന്നത്തേക്ക് ആരംഭിക്കുവാനാകും എന്നാണ് ഉദ്ദേശിക്കുന്നത്;

(ഡി) കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതി വൈകുന്നതിനാൽ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതിയിൽ പണം വകയിരുത്തി നിർദ്ദേശിച്ചാൽ പ്രസ്തുത പണികൾ ഉടനടി നടത്തുവാൻ കഴിയുമോ;

(ഇ) കഴിയുമെങ്കിൽ ആയതിന് എത്രതുക വകയിരുത്തേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ കുന്തിപ്പുഴയ്ക്ക് കുറുകെയുള്ള പാലങ്ങളുടെ നിർമ്മാണ പുരോഗതി</u>

1297 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കുന്തിപ്പുഴക്ക് കുറുകെ പാലോളി കുളമ്പിലും മപ്പാട്ടുകരയിലും പാലം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിക്കഴിഞ്ഞുവോ ;

(സി) മലപ്പുറം ജില്ലയുമായി പാലക്കാട് ജില്ലയെ ബന്ധിപ്പിക്കുന്ന പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻ കടവ് ഭാഗത്ത് പാലം നിർമ്മാണം

1298 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ പത്തിരിപ്പാലയേയും തരൂർ മണ്ഡലത്തിലെ പെരുങ്ങോട്ടുകൂർശ്ശിയെയും ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവ് ഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(സി) പാലം നിർമ്മിക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നതെന്നും ടെണ്ടർ നടപടികൾ എന്നു തുടങ്ങുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പാലം പണി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

താനൂർ മണ്ഡലത്തിലെ പാലങ്ങളുടെ പ്രവൃത്തി

1299

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ പുതിയ കടപ്പുറം കാളാട് പാലം, ബദർപള്ളി പാലം, കോട്ടിലത്തഏഴൂർ പാലം, ചെറിയമുണ്ടം പനമ്പാലം എന്നീ നാല് പാലങ്ങളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അഴീക്കൽ കടവ്, പെരിഞ്ചേരിക്കടവ് പാലങ്ങൾ</u>

1300 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ അഴീക്കൽ കടവിലും പെരിഞ്ചേരിക്കടവിലും അനുമതി ലഭിച്ചിട്ടുള്ള പാലങ്ങളുടെ നിർമ്മാണപ്രവർത്തികളുടെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പൈമ്പാലശ്ശേരി പാലം നിർമ്മാണം</u>

1301 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പൈമ്പാലശ്ശേരി പാലം നിർമ്മിക്കാൻ സ്വകാര്യ ഭൂമി ഉപയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരുടെയെല്ലാം സ്ഥലം എത്ര വീതം എന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത പാലം ഉദ്ഘാടനം ചെയ്തത് എന്നാണ് ;

(എഫ്) സ്ഥലം മുൻകൂറായി കൈവശം നൽകിയ സാഹചര്യത്തിൽ എന്ത് ഗുണമാണ് സ്ഥലം ഉടമകൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ആളം ബ്രിഡ്ജ് നിർമ്മാണം

1302 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ആളം ദ്വീപിലേക്കുള്ള ആളം ബ്രിഡ്ജ് നിർമ്മാണത്തിന് 2011-ൽ 1.5 കോടി രൂപ വകിയിരുത്തിയെങ്കിലും ഇതുവരെ പണി തുടങ്ങാൻ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ബിയ്യം കായലിൽ ഒറ്റപ്പെട്ടു കിടക്കുന്ന ദ്വീപുനിവാസികളുടെ യാത്രാ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ച് പാലം പണിതുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് തുടങ്ങാനാകുമെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ ഫയൽ നമ്പർ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി, വണ്ണാത്തിക്കടവ് പാലം</u>

1303

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡിലെ വണ്ണാത്തിക്കടവ് പാലം പുതുക്കിപ്പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പോത്താംകണ്ടം പാലത്തിന്റെ അപകടസ്ഥിതി പരിഹരിക്കുന്നതിന് നടപടി</u>

1304 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പോത്താംകണ്ടം-പാടിച്ചാൽ പി.ഡബ്ല്യൂ.ഡി റോഡിലെ പോത്താംകണ്ടം പാലത്തിന്റെ അപകടസ്ഥിതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

1305 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പലാക്കിവരുന്ന കെട്ടിട നിർമ്മാണ പദ്ധതികൾ വ്യാപകമായി സ്തംഭിച്ചിരിക്കുന്നതായുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തുകൊണ്ടാണ് ഈ സാഹചര്യം സംജാതമായതെന്ന് പറയാമോ;

(സി) ചേലക്കര മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. നിർമ്മാണമാരംഭിച്ച ഏതെല്ലാം കെട്ടിടങ്ങളുടെയാണ് പണി സ്തംഭിച്ചിരിക്കുന്നതെന്ന് പറയാമോ;

(ഡി) ഈ കെട്ടിടങ്ങളുടെ നിർമ്മാണം എന്ന് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

കെട്ടിടം - നിരത്ത് വിഭാഗങ്ങൾ മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

1306 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട - നിരത്ത് വിഭാഗങ്ങൾ 2011-2012, 2012-2013, 2013-2014 കാലയളവുകളിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പൊതുമരാമത്ത് കെട്ടിട - നിരത്ത് വിഭാഗങ്ങൾ 2013-2014, 2014-2015 വർഷം സമർപ്പിച്ചിട്ടുള്ള പ്രവൃത്തി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

എളേരിത്തട്ട് ഇ.കെ.നായനാർ സ്മാരക ഗവ. കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം

1307 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആസ്തിവികസന ഫണ്ടിൽ 2012-13 വർഷത്തിൽ അനുവദിച്ച തൃക്കരിപ്പൂർ മണ്ഡലത്തിലെ എളേരിത്തട്ട് ഇ.കെ. നായനാർ സ്മാരക ഗവ. കോളേജ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് നാളിതുവരെയായി ധനകാര്യവകുപ്പിലേക്ക് അയച്ചു നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എപ്പോൾ അയയ്ക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

പട്ടാമ്പി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

1308 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത്
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ എം.എൽ.എ യുടെ ആസ്ഥി വികസനഫണ്ട് പ്രകാരം തുക അനുവദിച്ച

(1) വിളയൂർ (ജി.എച്ച്.എസ്)
(2) നടുവട്ടം ജനത (എച്ച്.എസ്)
(3) തത്തനംപുള്ള (ജി.യു.പി.എസ്)
(4) നരിപറമ്പ് (ജി.യുപി.എസ്)
(5) ചൂരക്കോട് (ജി.എച്ച്.എസ്) എന്നീ സ്കൂളുകളുടെ കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി, നടുവണ്ണൂര്‍ ഗവണ്‍മെന്റ് ഹയര്‍ സെക്കണ്ടറി സ്കൂള്‍ കെട്ടിടനിര്‍മ്മാണം</u>

1309

ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തില്‍ നടപ്പിലാക്കി വരുന്ന "എന്റെ സ്കൂള്‍" സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നടുവണ്ണൂര്‍ ഗവണ്‍മെന്റ് ഹയര്‍ സെക്കണ്ടറി സ്കൂള്‍ കെട്ടിട നിര്‍മ്മാണ പ്രവൃത്തിയുടെ പാര്‍ട്ട് ബില്‍ അനുവദിക്കപ്പെടാത്തതിനാല്‍ വേണ്ടത്ര വേഗതയില്‍ നിര്‍മ്മാണം പുരോഗമിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യയനവര്‍ഷാരംഭത്തില്‍ തന്നെ പൂര്‍ത്തിയാക്കപ്പെട്ടാല്‍ ഇവിടുത്തെ ഷിഫ്റ്റ് സംവിധാനം അവസാനിപ്പിക്കാമെന്നതുകൊണ്ട് ബില്‍ തുക നല്‍കുന്നതിന് പ്രത്യേക പരിഗണന നല്‍കാന്‍ നിര്‍ദ്ദേശിക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട്
ഉപയോഗിച്ചുള്ള പ്രവൃത്തികൾ</u>

1310 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ലഭ്യമാക്കി പൊതുമരാമത്ത് മുഖേന നിർമ്മിക്കുന്ന കല്ല്യാശ്ശേരി ഹയർ സെക്കണ്ടറി സ്കൂൾ, പട്ടുവം ഐ.എച്ച്.ആർ.ഡി കോളേജ് എന്നീ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഇ.കെ. നായനാർ ഗവ. കോളേജ് കെട്ടിട നിർമ്മാണം.

1311 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഇ. കെ. നായനാർ ഗവ. കോളേജ് കെട്ടിടത്തിന് ആസ്ഥി വികസന ഫണ്ടിൽ 1.5 കോടി രൂപ നിർദ്ദേശിച്ച് 2 വർഷം കഴിഞ്ഞിട്ടും കാഞ്ഞങ്ങാട് പി.ഡബ്ല്യു.ഡി. സബ്ബ് ഡിവിഷനിൽ നിന്നും സമയബന്ധിതമായി നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള എസ്റ്റിമേറ്റിൽ ടെണ്ടർ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി ബോയ്സ് ഹൈസ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി</u>

1312 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പൊതുമരാമത്തിന് കീഴിൽ നടക്കുന്ന കൊയിലാണ്ടി ബോയ്സ് എച്ച്.എസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; ഇതിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അംഗീകാരം ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ജിഡ ഫണ്ട് ഉപയോഗിച്ച് ഞാറയ്ക്കൽ-മുരിക്കംപാലം ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം

T1313 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായ ഞാറക്കൽ - മുരിക്കംപാലം എന്നിവിടങ്ങളിലെ ഓവർഹെഡ് ടാങ്ക് നിർമ്മാണത്തിനുള്ള കാലതാമസമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എത്ര തവണ സമയം ദീർഘിപ്പിച്ചുനൽകിയെന്നും ഇതുമൂലം എത്ര തവണ റേറ്റ് റിവിഷൻ നടത്തിയെന്നും വ്യക്തമാക്കാമോ;

(ഡി) അനാവശ്യമായ കാലതാമസം വരുത്തിയതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പുതുക്കിപ്പണിഞ്ഞ റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലമുള്ള നാശനഷ്ടങ്ങൾ</u>

1314 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. റോഡുകൾ പുതുക്കിപണിയുന്ന ഉടനെ ബി.എസ്.എൻ.എൽ, വാട്ടർ അതോറിറ്റി , സ്വകാര്യ ഏജൻസികൾ എന്നിവയ്ക്കുവേണ്ടി വെട്ടിപ്പൊളിപ്പിക്കുന്നതും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു മൂലം ഒരു വർഷം ഉണ്ടാകുന്ന ശരാശരി നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) റോഡുകൾ ഇപ്രകാരം വെട്ടിപ്പൊളിക്കുന്ന ഏജൻസികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാറുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; കഴിഞ്ഞ ഒരു വർഷം എത്ര രൂപ ഇപ്രകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് പണി തുടങ്ങുന്നതിന് മുമ്പ് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനും ആയത് മോണിട്ടർ ചെയ്യുന്നതിനും ജനപ്രതിനിധികളും സ്ഥാപനപ്രതിനിധികളും അടങ്ങുന്ന വിജിലൻസ് സെല്ലുകൾ പി.ഡബ്ല്യൂ.ഡി. ഡിവിഷൻ തലത്തിൽ രൂപീകരിക്കുമോ;

(ഇ) പണി പൂർത്തിയാക്കിയാൽ ഒരു നിശ്ചിത കാലയളവിന് ശേഷം മാത്രമേ റോഡ് പൊളിക്കാൻ അനുവദിക്കുകയുള്ളു എന്ന രീതിയിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ

T1315 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ ട്രാഫിക് നിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകളോടനുബന്ധിച്ച് ഓരോവശത്തുനിന്നുമുള്ള ഗതാഗതത്തിനുള്ള അനുവദനീയ സമയം കാണിക്കുന്ന ഡിജിറ്റൽ ഡിസ്‌പ്ലേ എല്ലായിടത്തും ഏർപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂടുതൽ സമയം സിഗ്നൽ കാത്തുകിടക്കേണ്ടപ്പോൾ വാഹനങ്ങൾ ഓഫ് ചെയ്ത് ഇന്ധന ലാഭമുണ്ടാക്കാൻ സഹായകമായ ഡിജിറ്റൽ ടൈം ഡിസ്‌പ്ലേ എല്ലാ സിഗ്നൽ പോസ്റ്റുകളിലും സ്ഥാപിക്കാനും, ഇതു സംബന്ധിച്ച പരസ്യബോർഡുകൾ പ്രദർശിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നിര്‍മ്മാണ പ്രവര്‍ത്തനങ്ങളിലെ ഗുണനിലവാരം</u>

1316

ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ തലത്തിലുള്ള നിര്‍മ്മാണ പ്രവര്‍ത്തനങ്ങളെപ്പറ്റിയുള്ള പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ നിലപാട് വ്യക്തമാക്കുമോ;

(ബി) ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും ലാബുകള്‍ സ്ഥാപിയ്ക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

കരാർ തുക കുടിശ്ശികയായതിനാൽ മുടങ്ങിക്കിടക്കുന്ന പണികൾ

1317 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീല പ്രകാശം
ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാർ തുക, കുടിശ്ശിക ആകുന്നതിന്റെ പേരിൽ നിർമ്മാണ പ്രവൃത്തികൾ സ്തംഭനത്തിലാകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടിശ്ശിക കൊടുത്തു തീർക്കാത്തതിനാൽ മുടങ്ങികിടക്കുന്ന മരാമത്ത് പണികൾ പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പി. ഡബ്ല്യൂ. ഡി. കരാറുകാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക</u>

1318

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി. ഡബ്ല്യൂ. ഡി. കരാറുകാർക്ക് എത്ര തുക കുടിശ്ശികയിനത്തിൽ നൽകാനുണ്ടെന്നുള്ള വിവരം നൽകുമോ;

(ബി) പ്രസ്തുത തുക സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(സി) ഇപ്രകാരം തുക നൽകുവാൻ കഴിയാത്തതു കാരണം പി. ഡബ്ല്യൂ. ഡി. കരാർ ജോലികളാകെ അവതാളത്തിലായിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കരാർ തുക കുടിശ്ശികയായതിനാൽ വികസന പ്രവർത്തനങ്ങളിൽ ഉണ്ടായ പ്രതിസന്ധി</u>

1319 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി കരാറുകാർക്ക് കുടിശ്ശികയിനത്തിൽ എത്ര തുക നൽകേണ്ടതായിട്ടുണ്ടെന്നുള്ളതിന്റെ വിവരം ലഭ്യമാക്കാമോ;

(ബി) കരാർ തുക കുടിശ്ശികയായതോടെ വികസനപ്രവർത്തനങ്ങളിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക</u>

1320 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് പ്രവൃത്തി ചെയ്ത വകയിൽ കുടിശ്ശിക ഉണ്ടായിരുന്നോ എന്നും ഉണ്ടെങ്കിൽ എത്ര മാസം വരെയാണ് കുടിശിക ഉണ്ടായിരുന്നതെന്നും വെളിപ്പെടുത്താമോ;

(ബി) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് പ്രവൃത്തി ചെയ്ത വകയിൽ ഇപ്പോൾ കുടിശ്ശികയുണ്ടോയെന്നും ഏതു മാസം വരെയുള്ള തുക പൂർണ്ണമായി നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) കരാറുകാർക്ക് പണം കൊടുക്കുന്നതിൽ കുടിശ്ശിക വരുത്തുന്നതുമൂലം ജോലികൾ ഏറ്റെടുക്കാൻ കൂടുതൽ തുക ചെലവഴിക്കേണ്ടിവരുമെന്ന യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 03.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

‘T’ ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.